## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6132** **28.10.2011 ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ. മുഖേന വിദ്യാഭ്യാസ വായ്പ

**ചോദ്യം**

**ശ്രീ. പി. തിലോത്തമൻ :**

**ഉത്തരം**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. മുഖേന നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പ, അഞ്ചു വർഷം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങുമ്പോൾ അപ്പോൾ നിലവിലുള്ള തുക പലിശയില്ലാതെ തവണകളായി സ്വീകരിക്കുകയാണോ ചെയ്യുന്നത് എന്നു വ്യക്തമാക്കാമോ ; | (എ) | വിദ്യാഭ്യാസവായ്പ എടുത്തുകഴിഞ്ഞാൽ പലിശ മാസാമാസം അടച്ചു പോകാവുന്നതാണ്. എന്നാൽ അടയ്ക്കണമെന്ന് നിർബന്ധമില്ല. പലിശ അടയ്ക്കാത്തപക്ഷം അതതുവർഷത്തെ പലിശ വായ്പാസംഖ്യയോട് ചേർത്ത് അതിനനുസരിച്ചുള്ള പ്രതിമാസത്തവണസംഖ്യ, തിരിച്ചടവു തുടങ്ങുമ്പോൾ അടയ്ക്കേണ്ടതാണ്. കോഴ്സ് അവസാനിച്ചതിനുശേഷം ഒരു വർഷം കഴിയുമ്പോഴോ ജോലിയിൽ പ്രവേശിക്കുമ്പോഴോ, ഏതാണ് ആദ്യത്തേത്, അന്നുമുതലാണ് തിരിച്ചടവു തുടങ്ങുക. |
| (ബി) | 3.10.2011 ലെ 1726-ാം നമ്പർ നക്ഷത്രരഹിത ചോദ്യത്തിലെ ഉപചോദ്യം (ഇ) യ്ക്കുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്ന തിരിച്ചടവ് തുകയായ 10318/- രൂപ കൂടാതെ വായ്പയെടുക്കുന്നയാൾ പലിശ | (ബി) | 3-10-2011 ലെ 1726-ാം നമ്പർ നക്ഷത്ര രഹിത ചോദ്യത്തിലെ ഉപചോദ്യം (ഇ) യ്ക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ള 10138/- രൂപയെന്നത്, സമൂഹത്തിലെ ദുർബലവിഭാഗക്കാർ 5 ലക്ഷം രൂപ വായ്പയെടുക്കുമ്പോൾ തിരിച്ചടയ്ക്കേണ്ട |

2

| | | | |
|---|---|---|---|
| | | | സഹിതമുള്ള പ്രതിമാസ തവണസംഖ്യയാണിത്. |
| (സി) | അഞ്ചു വർഷങ്ങൾക്കു ശേഷം തിരിച്ചടവ് തുടങ്ങുമ്പോൾ, തിരിച്ചടവ് തുകയുടെ എത്ര ശതമാനം കൂടുതൽ പ്രതിമാസ വരുമാനം വായ്പയെടുത്തയാൾക്ക് ഉണ്ടാകണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) | വിദ്യാധനം പദ്ധതി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് നൽകുന്ന വായ്പയാണ്. രക്ഷിതാക്കളുടെ തിരിച്ചടവ് ഇതിന് പരിഗണിച്ചിട്ടില്ല. പകരം വേണ്ടത്ര ജാമ്യം സ്വീകരിച്ചാണ് വായ്പ അനുവദിക്കുക. വ്യക്തിഗതജാമ്യം, വസ്തുജാമ്യം മുതലായ കെ.എസ്.എഫ്.ഇ.യിൽ നിലവിലിരിക്കുന്ന ജാമ്യവ്യവസ്ഥകൾക്കനുസൃതമായാണ് വിദ്യാധനം പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പ്രധാന ഉദ്ദേശ്യം അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അതിനുള്ള സാമ്പത്തിക സഹായം നൽകി, അവർക്ക് പഠിക്കുവാനുള്ള അവസരം നൽകുകയും ജോലി ലഭിക്കുമ്പോൾ തിരിച്ചടയ്ക്കുവാനുള്ള സാമ്പത്തികശേഷി അവർക്ക് ഉണ്ടായിരിക്കുമെന്നുമുള്ള നിഗമനത്തിലുമാണ് വായ്പ നൽകുന്നത്. |

---- 3

| | | | |
|---|---|---|---|
| (ഡി) | വൻതുക പ്രതിമാസം തിരിച്ചടയ്ക്കേണ്ട വായ്പാ സമ്പ്രദായം, ഭാവിയിൽ വായ്പയെടുക്കുന്നവരിൽ ഉണ്ടാക്കാവുന്ന സാമ്പത്തിക സമ്മർദ്ദങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | (ഡി) | വിദ്യാധനം പദ്ധതിയിൽ ഇപ്പോൾ നിലവിലിരിക്കുന്ന സാധാരണ പലിശ നിരക്ക് 13.5%വും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 8%വും ആണ്. ഈ നിരക്കുകൾ ഇന്ന് വിദ്യാഭ്യാസവായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങളുടെ നിരക്കുകളുമായി തട്ടിച്ചുനോക്കുമ്പോൾ താരതമ്യേന കുറവാണ്. അതുകൊണ്ട് വിദ്യാഭ്യാസവായ്പയെടുക്കുന്നുവർക്കുണ്ടാകുന്ന സാമ്പത്തിക സമ്മർദ്ദം താരതമ്യേന കുറവായിരിക്കും. മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 8% മാത്രമേ പലിശ, വായ്പയിൽ ചുമത്തുന്നുള്ളു. ഇത്തരക്കാർക്ക് ബാക്കി 4% പലിശ സബ്സിഡി എന്ന നിലയിൽ കേരളഗവണ്മെന്റ് ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട് വായ്പയെടുക്കുന്നവരിൽ ഉണ്ടാകുന്ന സാമ്പത്തിക സമ്മർദ്ദം പരമാവധി ഇല്ലായ്മ ചെയ്തുകൊണ്ട് എല്ലാവർക്കും ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

Chandrika
സെക്ഷൻ ഓഫീസർ